**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1527** | **21.3.2012 ൽ മറുപടിക്ക്** |
|---|---|

<u>നോർക്ക-റൂട്ട്സ് മുഖേന നൽകി വരുന്ന സഹായം</u>

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.റ്റി.എ. റഹീം | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | നോർക്ക-റൂട്ട്സ് മുഖേന എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | എ) വാർഷിക വരുമാനം 25000/-രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ ചികിൽസ, മരണപ്പെട്ട പ്രവാസിയുടെ/ കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ മരണപ്പെട്ട പ്രവാസി മലയാളികളുടെ അടുത്ത കുടുംബാഗങ്ങളുടെ ചികിൽസ, അവരുടെ പെൺമക്കളുടെ വിവാഹം, പ്രവാസി കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുക തുടങ്ങിയവക്ക് ഒറ്റത്തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാന്ത്വനപദ്ധതി പ്രകാരം സഹായം നൽകി വരുന്നുണ്ട്.<br>തിരികെ വന്ന നിർദ്ധന പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ചെയർമാൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ചെയർമാൻ ഫണ്ടിനു കീഴിൽ വാർഷിക വരുമാന പരിധി 50000 രൂപയിൽ താഴെയുള്ളവർക്ക് 25000 രൂപ വരെ ചികിൽസാ/മരണാനന്തര ധന സഹായമായി അനുവദിക്കുന്നുണ്ട്.<br>വിദേശത്തുവച്ചു മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനു വേണ്ടി വരുന്ന ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി 'കാരുണ്യം' എന്ന ഒരു പദ്ധതി നിലവിലുണ്ട്. വിദേശത്ത് മരണമടയുന്ന കേരളീയന്റെ ഭൗതീക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിന് പരമാവധി 50000 രൂപയും മറ്റ് സംസ്ഥാനങ്ങളിൽ മരണമടയുന്ന മറുനാടൻ മലയാളിയുടെ മൃതശരീരം കൊണ്ടുവരുന്നതിന് പരമാവധി 10000 രൂപയുമാണ് ധനസഹായം നൽകിവരുന്നത്. |

| | | |
|---|---|---|
| | | നോർക്ക റൂട്ട്സ് വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്കായി പ്രവാസി തിരിച്ചറിയൽ കാർഡ് നൽകിവരുന്നുണ്ട്. 300 രൂപ ഫീസ് നൽകി തിരിച്ചറിയൽ കാർഡ് എടുക്കുന്നവർക്ക് 3 വർഷത്തേക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധപ്പിക്കാനും സ്ഥിര വൈകല്യങ്ങൾക്ക് 200000 രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് 100000 രൂപവരെ നൽകാനും തീരുമാനമാനിച്ചിട്ടുണ്ട്.<br><br>പ്രവാസി കേരളീയർക്കായി ഒരു കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രവാസി കേരളീയർക്കും വിദേശതൊഴിൽ കാംക്ഷികൾക്കും ആവശ്യമായ വിവരങ്ങൾ പ്രസ്തുത കോൾസെന്ററിലൂടെ ലഭ്യമാകുന്നതാണ്<br>കേരളത്തിന് പുറത്തുള്ള പ്രവാസി മലയാളികൾക്കായി നോർക്ക റൂട്ട്സിന്റെ ഓഫീസുകൾ ബറോഡയിലും ചെന്നൈയിലും പ്രവർത്തിക്കുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടുന്ന ഉദ്യോഗാർത്ഥികൾക്കായി സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ്, പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ ട്രെയിനിംഗ് തുടങ്ങിയ സേവനങ്ങളും നൽകിവരുന്നു. |
| (ബി) | ഓരോ സഹായ പദ്ധതി മുഖേന എത്ര തുക വീതമാണ് വിതരണം ചെയ്തുവരുന്നത്; | ബി) നോർക്ക നടപ്പാക്കുന്ന സാമ്പത്തിക സഹായ പദ്ധതിപ്രകാരം വിതരണം ചെയ്യുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| <u>സാന്ത്വന</u> | |
|---|---|
| ചികിൽസാ ധനസഹായം | പരമാവധി തുക 10000 രൂപ |
| മരണാനന്തര ധനസഹായം | പരമാവധി തുക 10000 രൂപ |
| വീൽ ചെയർ/ ക്രച്ചസ് ധനസഹായം | പരമാവധി തുക 5000/- രൂപ |
| വിവാഹ ധനസഹായം | പരമാവധി തുക 7500 രൂപ |

**കാരുണ്യം**

| | |
|---|---|
| വിദേശത്ത് മരണപ്പെടുന്ന പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് | പരമാവധി തുക 50000 രൂപ |
| ഇൻഡ്യയ്ക്കകത്ത് ഇതര സംസ്ഥാനങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ കുടുംബാഗങ്ങൾക്ക് | പരമാവധി തുക 10000 രൂപ |

**ചെയർമാൻഫണ്ട്**

| | |
|---|---|
| ചികിൽസാ ധനസഹായം | പരമാവധി തുക 25000 രൂപ |
| മരണാനന്തര ധനസഹായം | പരമാവധി തുക 25000 രൂപ |

**പ്രവാസി തിരിച്ചറിയൽ കാർഡ്**

| | |
|---|---|
| അപകടംമൂലമുണ്ടാകുന്ന മരണത്തിന് | 2 ലക്ഷം രൂപ |
| അപകടംമൂലമുണ്ടാകുന്ന സ്ഥിര വൈകല്യത്തിന് | 2 ലക്ഷം രൂപ |
| അപകടംമൂലമുണ്ടാകുന്ന ഭാഗികമായ വൈകല്യങ്ങൾക്ക് | 1 ലക്ഷം രൂപ |

| | | |
|---|---|---|
| (സി) | ഇവ ഓരോന്നും ലഭിക്കുന്നതിന് നിഷ്കർഷിക്കപ്പെട്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) നോർക്ക റൂട്ട്സ് സഹായ പദ്ധതികളുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. |

**സാന്ത്വന**

വാർഷിക വരുമാനം 25000 രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വിദേശത്ത് 2 വർഷത്തിൽ കുറയാതെ ജോലി ചെയ്യുകയും എന്നാൽ തിരികെയെത്തിയിട്ട് 10 വർഷം അധികരിക്കാത്തതുമായ തിരികെ വന്ന പ്രവാസികൾ സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തി അർഹരായ പ്രവാസികളെ കണ്ടെത്തി സർക്കാർ നിർദ്ദേശപ്രകാരമാണ് ധനസഹായം നൽകി വരുന്നത്.

ചെയർമാൻ ഫണ്ട്

**ചെയർമാൻ ഫണ്ട്**

തിരികെ വന്ന നിർദ്ധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ചെയർമാൻ ഫണ്ടിനു കീഴിൽ വാർഷിക വരുമാന പരിധി 50000 രൂപയിൽ താഴെയുള്ളവർക്ക് 25000 രൂപ വരെ മരണാനന്തര/ചികിൽസാ ധനസഹായം അനുവദിക്കുന്നു.

**പ്രവാസി തിരിച്ചറിയൽ കാർഡ്**

വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്കായി പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്ക് ഇൻഷൂറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്. 300 രൂപ ഫീസ് നൽകി എടുക്കുന്ന തിരിച്ചറിയൽ കാർഡ്: ഉടമകൾക്ക് അപകടം മൂലമുണ്ടാകുന്ന മരണത്തിന് രണ്ട് ലക്ഷം രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് 100000 രൂപ വരെയും ഇൻഷുറൻസ് തുക നൽകുന്നുണ്ട്.

**കാരുണ്യം**

വിദേശത്ത് വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുവേണ്ടി വരുന്ന ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി നോർക്ക വകുപ്പിന് കീഴിൽ 'കാരുണ്യം' എന്ന ഒരു പദ്ധതി നിലവിലുണ്ട്. വിദേശത്ത് മരണമടയുന്ന കേരളീയന്റെ ഭൗതിക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിന് പരമാവധി 50000 രൂപയും മറ്റു നാടുകളിൽ മരണമടയുന്നവരുടെ മൃതശരീരം കൊണ്ടുവരുന്നതിന് പരമാവധി 10000 രൂപയുമാണ് ധനസഹായം. കാരുണ്യം പദ്ധതിയിൻ കീഴിൽ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്ന വ്യക്തി മരണമടഞ്ഞ പ്രവാസിയുടെ അടുത്ത ബന്ധുവും ഇന്ത്യൻ പൗരനും ആയിരിക്കണം. മരണമടഞ്ഞ പ്രവാസി നിയമാനുസൃതമുള്ള പാസ്പോർട്ടും വിസയോടും കൂടി വിദേശത്ത്/മറുനാട്ടിൽ കുറഞ്ഞത് 2 വർഷമെങ്കിലുംജോലി ചെയ്തിരിക്കണം. ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുമ്പോഴോ ധനസഹായം അനുവദിക്കുമ്പോഴോ മറ്റൊരു ജോലി ഉണ്ടാകാൻപാടില്ല.

സെക്ഷൻ ഓഫീസർ